**പതിനഞ്ചാം കേരള നിയമസഭ**

**യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2021-23)**

# മൂന്നാമത് റിപ്പോർട്ട്

**(2022 ജൂലൈ 20...-ാം തീയതി സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമിതി (2021-23)

# മൂന്നാമത് റിപ്പോർട്ട്

(2022 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്)

(യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-16)-യുടെ
ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | – | v |
| ആമുഖം | – | vii |
| റിപ്പോർട്ട് | – | 1 |

## സമിതിയുടെ ഘടന
## (2021-23)

***അദ്ധ്യക്ഷൻ*** :

ശ്രീ. എ.എൻ. ഷംസീർ, എം.എൽ.എ.

***അംഗങ്ങൾ*** :

ശ്രീ. എം.എസ്. അരുൺ കുമാർ, എം.എൽ.എ.

ശ്രീമതി സി.കെ. ആശ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. കെ.എം. സച്ചിൻ ദേവ്, എം.എൽ.എ.

ശ്രീ. കെ.വി. സുമേഷ്, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

***നിയമസഭാ സെക്രട്ടേറിയറ്റ്***

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി.

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി(2021-2023)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പഠനവിഷയമാക്കി സമിതി നടത്തിയ പഠനത്തിന്റെയും ഹർജിക്കാരിൽ നിന്ന് ലഭിച്ച പരാതികളിന്മേൽ നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ രൂപംകൊണ്ട നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയ സമിതി(2014-16)- യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 18-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. എൻ. ഷംസീർ,
അദ്ധ്യക്ഷൻ,
യുവജനക്ഷേമവും യുവജനകാര്യവും
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2022 ജൂലൈ

## റിപ്പോർട്ട്

സാക്ഷരതയുടെ കാര്യത്തിൽ ഏറെ മുന്നിലുള്ള കേരളത്തിൽ അതിന് ആനുപാതികമായി തൊഴിലില്ലായ്മയും വർദ്ധിക്കുന്നുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 37 ലക്ഷത്തിൽപ്പരം വരുന്ന ഉദ്യോഗാർത്ഥികൾക്ക് ഉചിതമായ തൊഴിലവസരങ്ങൾ നൽകുന്നതിനുവേണ്ടുന്ന ഒഴിവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ അനന്തമായി കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. താല്ക്കാലികമായെങ്കിലും ഒരു സർക്കാർ ജോലി ലഭിക്കുമെന്ന പ്രതീക്ഷയിൽ ലക്ഷക്കണക്കിന് തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തെപ്പറ്റി ഒരു പഠനം നടത്തണമെന്ന് സമിതി തീരുമാനിക്കുകയും പത്രക്കുറിപ്പ് മുഖേന പൊതുജനങ്ങളിൽനിന്ന് പരാതികൾ ക്ഷണിക്കുകയും ചെയ്തു. അതനുസരിച്ച് ഏകദേശം ഇരുന്നൂറോളം പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി.

അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ലക്ഷക്കണക്കിന് തൊഴിലന്വേഷകരുടെ വലിയ പ്രതീക്ഷയും അത്താണിയുമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പി.എസ്.സി. മുഖേന വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ലഭിക്കുന്നതിന് അവസരമുണ്ടെങ്കിലും താരതമ്യേന യോഗ്യത കുറഞ്ഞ ഉദ്യോഗാർത്ഥികൾ ആറ് മാസത്തേക്കെങ്കിലും ഒരു സർക്കാർ ജോലി എന്ന സ്വപ്നവുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നു. എന്നാൽ വർഷങ്ങൾനീണ്ട കാത്തിരിപ്പിനിടയിൽ ഒരിക്കൽപ്പോലും ജോലിക്ക് പരിഗണിക്കപ്പെടാത്തവരും തങ്ങളുടെ ഊഴമെത്തുമ്പോഴേയ്ക്കും പ്രായപരിധി കഴിഞ്ഞുവെന്ന കാരണത്താൽ തഴയപ്പെടുന്നവരുമായ നിരവധി ആളുകളുണ്ടെന്നും ഇതിനിടയിലും സ്വാധീന ശക്തിമൂലം തുടർച്ചയായി പലരും ജോലി നേടുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സമിതിയുടെ പരിഗണനയ്ക്കും പ്രശ്നപരിഹാരത്തിനുമായി ലഭിച്ച ഹർജികളിൽ നല്ലൊരു ശതമാനവും അത്തരത്തിലുള്ള പരാതികളായിരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് ഒരു തൊഴിൽ

നൽകുന്നതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു-വരുന്നതിനും യുവജനങ്ങളുടെ കഴിവും ഊർജ്ജവും സമൂഹത്തിന്റെ വികസനോന്മുഖമായ വളർച്ചയ്ക്കായി വിനിയോഗിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കാര്യക്ഷമമായ പ്രവർത്തനം സഹായകമാകും എന്ന് വിലയിരുത്തിയ സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംബന്ധിച്ച് ഒരു സമഗ്രപഠനം നടത്തണമെന്ന് 14-5-2014-ൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. സമിതി നിർദ്ദേശാനുസരണം തൊഴിലും പുനരധിവാസവും വകുപ്പിൽനിന്ന് ലഭ്യമാക്കിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 28-5-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സമിതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചോദ്യാവലി ബന്ധപ്പെട്ട വകുപ്പിന് അയച്ചുകൊടുക്കുകയും ആയതിൻ പ്രകാരമുള്ള മറുപടി വകുപ്പിൽനിന്ന് ലഭ്യമാക്കുകയും ചെയ്തു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ലക്ഷ്യം, പ്രവർത്തനരീതി, നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ച സമഗ്രമായ മറുപടി എംപ്ലോയ്മെന്റ് വകുപ്പ് ലഭ്യമാക്കുകയുണ്ടായി.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടി ശ്രദ്ധാപൂർവ്വം പരിഗണിച്ച സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി നടത്തിയ പഠനത്തിന്റെയും ഹർജിക്കാരിൽ നിന്ന് ലഭിച്ച പരാതികളിന്മേൽ നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ സമിതി വിശകലനം ചെയ്തതിൽ നിന്നും ഉരുത്തിരിഞ്ഞ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ട് 17.02.2016-ൽ സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്ന-തിലേയ്ക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ പാർലമെന്ററികാര്യം, ജലവിഭവം, നികുതി, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളിലേയ്ക്ക് 23.05.2016-ലും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് 10.11.2017-ലും അയച്ചുകൊടുത്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട് തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് 14.12.2016-ലെ കത്ത് മുഖേനയും, നികുതി(ജി) വകുപ്പ് 20.05.2017-ലെ കത്ത് മുഖേനയും, നികുതി(എച്ച്) വകുപ്പ് 22.06.2017-ലെ കത്ത് മുഖേനയും, തൊഴിലും നൈപുണ്യവും(ജി) വകുപ്പ് 01.12.2017, 10.06.2019 എന്നീ തീയതികളിലെ കത്തുകൾ മുഖേനയും, ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ13) വകുപ്പ് 01.03.2018-ലെ കത്ത് മുഖേനയും, തൊഴിലും നൈപുണ്യവും(ബി) വകുപ്പ് 27.07.2018-ലെ കത്തു മുഖേനയും, ജലവിഭവ(ജലവിതരണ-സി) വകുപ്പ് 13.01.2020, 06.04.2022 എന്നീ തീയതികളിലെ കത്തുകൾ മുഖേനയും ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ 20.12.2017, 14.08.2018, 01.10.2018, 23.10.2019, 16.09.2020, 12.05.2022 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

## അദ്ധ്യായം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### ഖണ്ഡിക നം. 10-ലെ ശിപാർശ.

നിരവധി ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയാണെന്നതു കണക്കിലെടുത്ത് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതിയ്ക്ക് തുക അനുവദിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും പ്രസ്തുത പദ്ധതിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വിവരസാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തി സേവനങ്ങൾ കണ്ടെത്തുന്ന ഈ കാലഘട്ടത്തിൽ വിവിധ വിഭാഗം വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ജനങ്ങൾക്ക് കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുംവിധം വിവരസാങ്കേതിക

വകുപ്പിന്റെയും അക്ഷയ കേന്ദ്രങ്ങളുടെയും സഹായത്തോടെ വിദഗ്ധ തൊഴിലാളികളുടെ ഒരു രജിസ്ട്രേഷൻ പോർട്ടൽ ആരംഭിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം വളരെ വിജയകരമായി നടപ്പാക്കിവരുന്ന ഒരു സ്വയംതൊഴിൽ പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്. ടി പദ്ധതി ആനുകൂല്യം കൂടുതൽ സാധാരണക്കാർക്ക് എത്തിക്കുന്നതിനും, സാധാരണ ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് പ്രചരണം ലഭിക്കുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം 14 ജില്ലകളിലും താലൂക്ക് കേന്ദ്രങ്ങളിലും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സഹകരണത്തോടെ സ്വയം തൊഴിൽ ബോധവൽക്കരണ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഫണ്ടിൽ നിന്നും 1,40,000/- രൂപ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ചിരുന്നു. ശിൽപ്പശാല സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി മതിയായ പ്രചരണം നൽകുകയും, ശിൽപ്പശാലയിൽ പങ്കെടുത്തവർക്ക് സ്വയംതൊഴിൽ പദ്ധതികൾ സംബന്ധിച്ച് വിശദമായ ക്ലാസുകൾ നൽകുകയും ലഘുലേഖകളും പദ്ധതിയുടെ പുതിയ അപേക്ഷാ-ഫോറങ്ങളും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് കൂടുതൽ പ്രചാരണം നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷവും സ്വയംതൊഴിൽ പദ്ധതി ബോധവൽക്കണ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം അടുത്ത സാമ്പത്തിക വർഷം പദ്ധതിക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനായുള്ള ശിപാർശ എംപ്ലോയ്മെന്റ് വകുപ്പിന്റെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതുമാണ് (14.12.2016 തീയതിയിലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി ഉൾപ്പെടെ 6 പദ്ധതികൾ കൂട്ടിചേർത്ത് രൂപീകരിച്ച കേരള അസംഘടിത തൊഴിലാളി സാമൂഹ്യ

സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. സുഗമമായ നടത്തിപ്പിനും പദ്ധതി അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായം സ്വീകരിക്കൽ, ആനുകൂല്യ വിതരണം മുതലായവയ്ക്കായി ഒരു സോഫ്റ്റ്‌വെയർ രൂപീകരിക്കുന്നതിന് തുടർനടപടികൾ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന മുറയ്ക്ക് ബോർഡിന് വേണ്ടി വെബ്സൈറ്റും തയ്യാറാക്കുന്നതാണ്. (27.07.2018 തീയതിയിലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നം. 13-ലെ ശിപാർശ

ശരണ്യാ പദ്ധതി സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ആവശ്യമാണെന്നും പ്രസ്തുത പദ്ധതി മോണിറ്റർ ചെയ്യുന്നതു സംബന്ധിച്ച ഫോട്ടോ ഡോക്യുമെന്ററിയുടെ സോഫ്റ്റ് കോപ്പി സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

അശരണരായ വനിതകൾക്ക് എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം നടപ്പാക്കി വരുന്ന ഒരു സ്വയംതൊഴിൽ പദ്ധതിയാണ് "ശരണ്യ". 14 ജില്ലകളിലുമായി ആരംഭിച്ചിട്ടുള്ള പരമാവധി ശരണ്യ സ്വയംതൊഴിൽ സംരംഭങ്ങൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിലെ സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർമാരും, സംരംഭം ആരംഭിച്ചിട്ടുള്ള പ്രദേശത്തെ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർമാരും നേരിട്ട് സന്ദർശനം നടത്തി സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ആരംഭിച്ച സംരംഭങ്ങളുടെ ഫോട്ടോകൾ എടുത്തു സൂക്ഷിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) വാഹനം വാടകയ്ക്കെടുത്ത് സംരംഭങ്ങൾ നേരിട്ട് സന്ദർശനം നടത്തുന്നതിന് 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും ഫണ്ട് അനുവദിക്കുകയും മോണിറ്ററിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ച സംരംഭങ്ങളുടെ ഫോട്ടോ സി.ഡി.യിലാക്കി സൂക്ഷിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് മോണിറ്ററിംഗ് ചെയ്യുന്നതിന് ജില്ലാ എംപ്ലോയ്മെന്റ്

ഓഫീസർമാർക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനോടൊപ്പം ആരംഭിച്ച സംരംഭങ്ങളുടെ ഫോട്ടോ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള പ്രത്യേക നിർദ്ദേശം നൽകുന്നതാണെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സ്വയം തൊഴിൽ പദ്ധതി സംരംഭങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരം ഉൾപ്പെടുത്തി പുസ്തക രൂപത്തിൽ ഡോക്യുമെന്റ് ചെയ്യുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം 14 ജില്ലകളിലും പുസ്തക രൂപത്തിലുള്ള ഡോക്യുമെന്റേഷൻ തയ്യാറാക്കിയിട്ടുണ്ട്. (14.12.2016-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 16-ലെ ശിപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം വിവിധ തസ്തികകളിൽ ഏതു വർഷം വരെ രജിസ്റ്റർ ചെയ്തവരെയാണ് നിയമനത്തിന് പരിഗണിച്ചതെന്നതു സംബന്ധിച്ച് തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റ് പലവിധത്തിലായതിനാൽ രജിസ്റ്റർ ചെയ്തവർക്ക് സീനിയോറിറ്റി ലിസ്റ്റിലെ അവരുടെ സ്ഥാനം വ്യക്തമായി മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ആയത് പല പരാതികൾക്കും കാരണമാകുന്നതായും ഹർജികളിൽനിന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഒരിക്കൽ പരിഗണിക്കപ്പെട്ടവർ പലരും സ്വാധീനംമൂലം വീണ്ടും പരിഗണിക്കപ്പെടുവാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം സംബന്ധിച്ച് ഏകീകൃത മാതൃകയിലുള്ള സീനിയോറിറ്റി ലിസ്റ്റ്, രജിസ്റ്റർ ചെയ്ത ഏതൊരാൾക്കും മനസ്സിലാകത്തക്കവിധത്തിൽ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും തയ്യാറാക്കണമെന്നും ആയത് ഏവർക്കും പരിശോധിക്കത്തക്കവിധം പ്രദർശിപ്പിക്കണമെന്നും സീനിയോറിറ്റി ലിസ്റ്റ് ഒരു നിശ്ചിതകാലാവധി കൂടുമ്പോൾ അപ്ഡേറ്റ് ചെയ്യണമെന്നും ആയത് ഓൺലൈനായി ഏവർക്കും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള

ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത എന്നിവ അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നു. ആയത് ഓരോ ആറ് മാസത്തിലൊരിക്കൽ റിവ്യൂ ചെയ്യുന്നു. കൂടാതെ രജിസ്ട്രേഷൻ ട്രാൻസ്ഫർ ചെയ്യുമ്പോഴും സ്പെഷ്യൽ റിന്യൂവൽ പ്രകാരം പുതുക്കുമ്പോഴും മുൻഗണന സർട്ടിഫിക്കറ്റ് ചേർക്കുമ്പോഴും അർഹരായവരെ ഉൾപ്പെടുത്തി യഥാസമയം സീനിയോറിറ്റി ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാറുണ്ട്. സീനിയോറിറ്റി ലിസ്റ്റിൽ നിന്നും രജിസ്ട്രേഷൻ ലാപ്സായവർ, ജോലി ലഭിച്ചവർ തുടങ്ങിയ അനർഹരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയും അർഹരായവരെ ഉൾപ്പെടുത്തിയും ടി കാലയളവിൽ അറിയിച്ച ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ മൂന്ന് വർഷത്തിലൊരിക്കൽ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കാറുണ്ട്. ടി ലിസ്റ്റിന്മേലുള്ള പരാതി നൽകുവാൻ 30 ദിവസത്തെ സമയം അനുവദിക്കുന്നു. ഇക്കാര്യം പത്ര-ശ്രവ്യ-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാറുണ്ട്. ലഭിക്കുന്ന പരാതികൾ പരിശോധിച്ച ശേഷം മാത്രമാണ് ലിസ്റ്റ് ഫൈനലൈസ് ചെയ്യുന്നത്. ടി അവസരത്തിലും പിന്നീട് ഉദ്യോഗാർത്ഥികൾ ഹാജരാകുന്ന ഏത് അവസരത്തിലും ടി ലിസ്റ്റ് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കാവുന്നതാണ്. ഓരോ ആറുമാസം കൂടുമ്പോഴും സീനിയോറിറ്റി ലിസ്റ്റ് റിവ്യൂ ചെയ്യാറുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് മാത്രമേ നിയമന നിർദ്ദേശം നൽകാറുള്ളൂയെന്നുള്ള വിവരം അറിയിക്കുന്നു. ആയത് ഓൺലൈനായി ഏവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. (01.12.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 17-ലെ ശിപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്ന ഉദ്യോഗാർത്ഥിയെ നിശ്ചിത കാലാവധി കഴിയുമ്പോൾ പിരിച്ചുവിട്ടോയെന്ന് അന്വേഷിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആ ഒഴിവിലേക്ക് മറ്റൊരു ഉദ്യോഗാർത്ഥിയെ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുമുള്ള ഒരു നടപടിക്രമം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

ഉദ്യോഗദായകൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഒഴിവ് അറിയിക്കുന്നതനുസരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് (X-80 ഫോറം) നൽകുമ്പോൾ പ്രസ്തുത ലിസ്റ്റിനോടൊപ്പം തന്നെ ഉദ്യോഗദായകന്റെ ശ്രദ്ധയ്ക്കായി ഖണ്ഡിക 17-ൽ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ആയതിൽ നിശ്ചിത കാലാവധി പൂർത്തിയാകുമ്പോൾ ഉദ്യോഗാർത്ഥിയെ പിരിച്ചുവിടുക, ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകുക, തുടർന്നും ഒഴിവ് നിലവിലുണ്ടെങ്കിൽ അറിയിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു. സി.എൻ.വി. ആക്ട് പ്രകാരം എംപ്ലോയ്മെന്റ് ഓഫീസർമാർ സ്ഥാപന പരിശോധന നടത്തുമ്പോൾ ഇക്കാര്യങ്ങളും പരിശോധിക്കുന്നുണ്ട്. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 18-ലെ ശിപാർശ

എംപ്ലോയ്മെന്റ് ലിസ്റ്റിലെ സീനിയോറിറ്റി സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള പരാതി പരിഹാര സംവിധാനം എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സീനിയോറിറ്റി സംബന്ധിച്ച പരാതി പരിഹാര സംവിധാനം വകുപ്പിൽ നിലവിലുണ്ട്. ആയതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 19-ലെ ശിപാർശ

നിരവധി വർഷങ്ങളിലെ കാത്തിരിപ്പിനുശേഷമാണ് ഒരു ഇന്റർവ്യൂവിനായി ഒരാളുടെ ഊഴം എത്തുന്നത് എന്നതു കണക്കിലെടുത്ത് ഇന്റർവ്യൂവിന് ഹാജരായി

ജോലിക്ക് നിയോഗിക്കപ്പെടാത്ത ഉദ്യോഗാർത്ഥികളെ അടുത്ത ഒഴിവ് വരുമ്പോൾ വീണ്ടും പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**<u>തൊഴിലും നൈപുണ്യവും (ജി) വകുപ്പ്</u>**

താൽക്കാലിക ഒഴിവുകളിലേക്ക് സബ്മിഷൻ നൽകിയാൽ ടി ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിച്ചില്ലായെന്ന് Result of Selection പ്രകാരം അറിയിക്കുമ്പോൾ ടി ഉദ്യോഗാർത്ഥിക്ക് ഒരു വർഷത്തിനുശേഷം വീണ്ടും സബ്മിഷൻ നൽകുന്നതാണ്. സ്ഥിരം ഒഴിവുകളിൽ സബ്മിഷൻ നൽകി ജോലി ലഭ്യമായില്ല എങ്കിൽ ടിയാളുടെ ഓരോ യോഗ്യതയ്ക്കും ഒരു വർഷത്തിനുശേഷം വീണ്ടും സബ്മിഷൻ നൽകുന്നതാണ്. ഇങ്ങനെ ഒരോ യോഗ്യതയ്ക്കും ആകെ മൂന്ന് റഗുലർ സബ്മിഷൻ വരെ അർഹരായ ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണെന്ന വിവരം അറിയിക്കുന്നു. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

**<u>ഖണ്ഡിക നമ്പർ 20-ലെ ശിപാർശ</u>**

പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലേയും എല്ലാ താത്കാലിക ഒഴിവുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്നും ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുള്ള ബിൽ നിയമമാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**<u>തൊഴിലും നൈപുണ്യവും (ജി) വകുപ്പ്</u>**

ടി ബിൽ സർക്കാരിന്റെ പരിഗണനയിലാണെന്നുള്ള വിവരം അറിയിക്കുന്നു. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

**<u>നികുതി (എച്ച്) വകുപ്പ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് എന്നിവിടങ്ങളിലെ താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്

നടത്തുന്നത്. (22.06.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

**നികുതി (ജി) വകുപ്പ്**

നികുതി (ജി) വകുപ്പിന് കീഴിൽ തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, പാലക്കാട് ചിറ്റൂരിലെ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്.

തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ സ്റ്റാഫ് പാറ്റേൺ നിലവിലില്ല. സ്റ്റാഫ് പാറ്റേൺ രൂപീകരിക്കുന്നതിനായി G.O(Rt)505/13/TD പ്രകാരം ശ്രീ. കെ. വി. തോമസിനെ (റിട്ട. അഡീഷണൽ സെക്രട്ടറി) ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ച് വരികയാണ്. സ്റ്റാഫ് പാറ്റേൺ രൂപീകരണത്തിന് ശേഷമേ ഏതൊക്കെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്നും ഏതൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും തീരുമാനിക്കുകയുള്ളൂ. ഇപ്പോൾ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ 2 താത്ക്കാലിക നിയമനങ്ങൾ ചട്ടങ്ങൾ പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്.

CHICOPS-ന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2009-ൽ രൂപീകൃതമായ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡിൽ നാളിതുവരെ പ്രവർത്തനം ആരംഭിക്കുകയോ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ കർശനമായി നിയമം പാലിക്കപ്പെടുന്നുണ്ട്. (20.05.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

**ഖണ്ഡിക നമ്പർ 21-ലെ ശിപാർശ**

എല്ലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പൂർണ്ണമായും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയാകണമെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത എല്ലാ തസ്തികകളിലേയും ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം മാത്രമേ

കരാർ/ദിവസവേതന നിയമനങ്ങൾ നടത്താവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത നിയമനരീതി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട നിയമനാധികാരികൾ ഉറപ്പാക്കണമെന്നും അല്ലാത്തപക്ഷം നിയമനാധികാരിക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

ടി ശിപാർശ നടപ്പിലാക്കുന്നതിനായി The Kerala Regulation of Recruitment in State Government Establishment through Employment Exchanges Bill - 2016 എംപ്ലോയ്മെന്റ് ഡയറക്ടർ തയ്യാറാക്കി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് നിയമമാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ തലത്തിൽ പരിഗണനയിലാണ്. (01.12.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

## നികുതി (എച്ച്) വകുപ്പ്

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് എന്നിവിടങ്ങളിലെ താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. (22.06.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 22-ലെ ശിപാർശ

സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് ഉദ്യോഗദായകർക്ക് നേരിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ പറ്റുന്ന രീതിയിലുള്ള ഒരു സംവിധാനം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇപ്രകാരം നിയമിതരാകുന്നവർക്ക് നിശ്ചിത ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്നും അവർ യാതൊരു വിധത്തിലുള്ള ചൂഷണത്തിനും വിധേയരാകുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ നിബന്ധനകൾ സർക്കാർ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് വകുപ്പിനു കീഴിൽ 7 ജില്ലകളിൽ നിലവിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. രണ്ട് ജില്ലകളിൽ കൂടി സെന്ററുകൾ പൂർത്തിയായി വരുന്നു. മറ്റുള്ള ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ ഉദ്യോഗദായകർക്ക്, അവർ ആവശ്യപ്പെടുന്ന നിശ്ചിത യോഗ്യതയും പ്രവർത്തിപരിചയവും മറ്റ് അവശ്യ യോഗ്യതകളുമുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ വഴി സാധ്യമാകുന്നുണ്ട്.

(01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 23-ലെ ശിപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന് സീനിയോറിറ്റി ഒരു പ്രധാന മാനദണ്ഡം ആയതിനാൽ സീനിയോറിറ്റി മറികടന്ന് ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും നാമനിർദ്ദേശം ചെയ്യരുതെന്നും ഇത്തരം പരാതികൾക്ക് അവസരം സൃഷ്ടിക്കരുതെന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിയമനം നടത്താവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നു. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേത് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അദ്ധ്യക്ഷനായ സമിതി പരിശോധിച്ച് അംഗീകാരം നൽകുന്നു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും, പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും

സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (പി.എച്ച്)ലേയും ലിസ്റ്റുകൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അദ്ധ്യക്ഷനായ സമിതി പരിശോധിച്ച് അംഗീകാരം നൽകുന്നു. അപ്രകാരം അംഗീകാരം നൽകുന്ന ലിസ്റ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ടി ലിസ്റ്റിന്മേലുള്ള പരാതി നൽകുവാൻ 30 ദിവസത്തെ സമയം അനുവദിക്കുന്നു. ഇക്കാര്യം പത്ര-ശ്രവ്യ-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാറുണ്ട്. ലഭിക്കുന്ന പരാതികൾ പരിശോധിച്ചശേഷം മാത്രമാണ് ലിസ്റ്റ് അന്തിമമാക്കുന്നത്. ടി അവസരത്തിലും പിന്നീട് ഉദ്യോഗാർത്ഥികൾ ഹാജരാകുന്ന ഏത് അവസരത്തിലും ടി ലിസ്റ്റ് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കാവുന്നതാണ്. ഓരോ 6 മാസം കൂടുന്തോറും സീനിയോറിറ്റി ലിസ്റ്റ് റിവ്യൂ ചെയ്യാറുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് മാത്രമേ നിയമന നിർദ്ദേശം നൽകാറുള്ളൂയെന്നുള്ള വിവരം അറിയിക്കുന്നു. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 25-ലെ ശിപാർശ

ഒരാളെ ഒരിക്കൽ നിയമിച്ചുകഴിഞ്ഞാൽ അവരെത്തന്നെ വീണ്ടും നിയമിക്കുന്ന പ്രവണതയുണ്ടാകുന്നതാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സംബന്ധിച്ച വിശ്വാസ തകർച്ചയ്ക്ക് ഒരു പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുകയുണ്ടായി. അതിനാൽ സീനിയോറിറ്റി ലിസ്റ്റ് റഗുലറായി അപ്ഡേറ്റ് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത എന്നിവ അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നു. ആയത് ഓരോ ആറ് മാസത്തിലൊരിക്കൽ റിവ്യൂ ചെയ്യുന്നുണ്ട്. കൂടാതെ രജിസ്ട്രേഷൻ ട്രാൻസ്ഫർ ചെയ്യുമ്പോഴും സ്പെഷ്യൽ റിന്യൂവൽ പ്രകാരം പുതുക്കുമ്പോഴും മുൻഗണനാ സർട്ടിഫിക്കറ്റ് ചേർക്കുമ്പോഴും അർഹരായവരെ ഉൾപ്പെടുത്തി യഥാസമയം സീനിയോറിറ്റി ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാറുണ്ട്. സീനിയോറിറ്റി ലിസ്റ്റിൽ നിന്നും രജിസ്ട്രേഷൻ ലാപ്സായവർ, ജോലി ലഭിച്ചവർ തുടങ്ങിയ

അനർഹരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയും അർഹരായവരെ ഉൾപ്പെടുത്തിയും ടി കാലയളവിൽ അറിയിച്ച ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ മൂന്നുവർഷത്തിലൊരിക്കൽ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കാറുണ്ട്.

(01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 26-ലെ ശിപാർശ

താൽകാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യണമെന്ന നിബന്ധന കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പു വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യണമെന്ന നിബന്ധന കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽ വരാത്ത എല്ലാ നിയമനങ്ങൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് 25941/G2/13/LBR നമ്പർ പ്രകാരം 05.02.2014-ൽ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കപ്പെടേണ്ടതാണെന്ന് 26.12.2016-ലെ 1046913/ജി2/2016/തൊഴിൽ നമ്പർ കത്ത് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്പനികൾ എന്നിവയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 27-ലെ ശിപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമത്തിനായുള്ള ഉയർന്ന പ്രായപരിധി 50 വയസ്സിൽ നിന്നും 55 ആക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട സ്പെഷ്യൽ റൂളിലെയും അല്ലാത്ത പക്ഷം കെ.എസ്.&എസ്.എസ്.ആർ.-ന്റെ നിബന്ധനകൾക്ക് വിധേയമായുമാണ്. നിലവിൽ സംസ്ഥാന സർക്കാർ സർവ്വീസിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ടി പ്രായപരിധി 55 വയസ്സായി ഉയർത്തണമെന്ന ആവശ്യം 15.07.2013-ലെ 1614/ആർ22/13/ഉഭപവ. നമ്പർ കത്ത് പ്രകാരവും 21.01.2017-ലെ 87/ആർ2/17/ഉഭപവ നമ്പർ കത്ത് പ്രകാരവും സർക്കാർ നിരസിച്ചിട്ടുണ്ട്. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 28-ലെ ശിപാർശ

താരതമ്യേന വിദ്യാഭ്യാസം കുറഞ്ഞവർ പോലും രജിസ്റ്റർ ചെയ്യുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഓൺലൈൻ സേവനം സാധാരണക്കാർക്കു പോലും മനസ്സിലാകത്തക്ക വിധം 'യൂസർ-ഫ്രണ്ട്‌ലി' ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സോഫ്റ്റ്‌വെയർ എൻ.ഐ.സി. (കേരള) യൂണിറ്റ് മുഖേന വികസിപ്പിക്കുന്ന ജോലികൾ പുരോഗതിയിലാണ്. ആയത് താരതമ്യേന വിദ്യാഭ്യാസം കുറഞ്ഞവർക്കുപോലും രജിസ്റ്റർ ചെയ്യാവുന്ന രീതിയിലും സാധാരണക്കാർക്കുപോലും മനസ്സിലാകത്തക്കവിധം യൂസർ ഫ്രണ്ട്‌ലി ആയി നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 29-ലെ ശിപാർശ

ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാകുന്നതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നും എസ്.എം.എസ്.

വഴി ഉദ്യോഗാർത്ഥികൾക്ക് അലർട്ട് നൽകുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള വിവരങ്ങൾ എസ്.എം.എസ്.വഴി അലർട്ട് നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന ജോലികൾ പുരോഗമിച്ച് വരികയാണ്. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 30-ലെ ശിപാർശ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഡാറ്റയും ദേശീയ കരിയർ സർവ്വീസിനോട് ബന്ധിപ്പിച്ച് ലഭ്യമായ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംബന്ധമായ ജോലികൾ പുരോഗമിച്ച് വരികയാണ്. ഓൺലൈൻ സോഫ്റ്റ്‌വെയർ പൂർണ്ണമായ രീതിയിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ദേശീയ കരിയർ സർവ്വീസ് സംബന്ധിച്ച സേവനങ്ങൾ കൂടി വകുപ്പ് മുഖേനയുള്ള വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

(01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 31-ലെ ശിപാർശ

വിദ്യാസമ്പന്നരായ യുവാക്കളെ മികച്ച തൊഴിൽ സംരംഭകരായി വാർത്തെടുക്കുന്നതിന് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും എൻടപ്രണേറിയൽ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ പരിശീലന

പരിപാടികൾ സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. തൊഴിൽ ദാതാക്കൾക്ക് അവർ തേടുന്ന തരത്തിലുള്ള തൊഴിലാളികളെ ലഭിക്കുന്നതിനും വിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ തേടുന്നതിനും പ്രയോജനപ്പെടുന്ന തരത്തിൽ സ്കിൽഡ് ലേബറേഴ്സിന്റെ വിവരം ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

തൊഴിൽദാതാക്കൾക്ക് അവർ തേടുന്ന തരത്തിലുള്ള തൊഴിലാളികളെ ലഭിക്കുന്നതിനും വിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ തേടുന്നതിനും പ്രയോജനപ്പെടുന്ന തരത്തിൽ Skilled Labourers ന്റെ വിവരം ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള Techno Skill Pool വെബ് സൈറ്റ്, Online Software-ന്റെ ഭാഗമായി തയ്യാറാക്കി വരുന്നു. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

**ഖണ്ഡിക നമ്പർ 34-ലെ ശിപാർശ**

ഇപ്പോഴത്തെ ജീവിത നിലവാര സൂചികയനുസരിച്ച് തൊഴിലില്ലായ്മ വേതനമായി നൽകിവരുന്ന തുലോം തുച്ഛമായ തുക യുവജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും സ്വയംപര്യാപ്തതയിലെത്തുവാൻ ഉതകുന്നതുമായ സ്വയംതൊഴിൽ പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് വഴി തൊഴിലില്ലായ്മ വേതനമായി നൽകി വരുന്ന തുക അർഹതയുള്ളവർക്ക് ലഭിക്കുന്നുണ്ടെന്നും അനർഹർക്ക് ലഭിക്കുന്നില്ലെന്നും ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ഒരു ആശ്വാസം എന്ന നിലയിൽ ചെറിയ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. 1982-ൽ ആണ് ഈ പദ്ധതി

ആരംഭിച്ചത്. യുവജനങ്ങൾക്ക് ധനസഹായം നൽകിവരുന്ന പദ്ധതി ആയതിനാൽ തൊഴിൽരഹിത വേതന പദ്ധതി നിർത്തലാക്കി സ്വയംതൊഴിൽ പദ്ധതിയിലേക്ക് ടി തുക വകയിരുത്തണമെങ്കിൽ സർക്കാർ തലത്തിൽ യുവജനസംഘടനകളുമായും ഇതുമായി ബന്ധപ്പെട്ടവരുമായും ചർച്ച നടത്തി സമവായത്തിൽ എത്തിയാൽ മാത്രമേ നടപ്പാക്കാൻ കഴിയൂ. നിലവിലെ നിയമപ്രകാരം തൊഴിൽരഹിത വേതനം വിതരണത്തിനുള്ള വരുമാനം സംബന്ധിച്ച് അർഹത നിർണ്ണയിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അപേക്ഷകന്റെ വരുമാനം സംബന്ധിച്ച് സംശയം ഉണ്ടായാൽ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായി പ്രതിമാസ വരുമാനം വർദ്ധിച്ചിട്ടുള്ളവർക്ക് തൊഴിൽരഹിത വേതനം അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ തീരുമാനം. (01.12.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 35-ലെ ശിപാർശ

സ്വയംപര്യാപ്തമായൊരു തൊഴിൽമേഖല എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി നൈപുണ്യ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സ്വയംപര്യാപ്തമായൊരു തൊഴിൽ മേഖല എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി നൈപുണ്യ വികസനത്തിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ ഉദ്യോഗാർത്ഥികളുടെ കഴിവും, ന്യൂനതയും അഭിരുചിയും സ്കിൽ ഗ്യാപ്പും കണ്ടെത്തി അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നൽകി തൊഴിൽ നൈപുണ്യം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി, ഉദ്യോഗദായകരുമായി നേരിട്ട് ബന്ധപ്പെട്ടും തൊഴിൽ മേളകൾ സംഘടിപ്പിച്ചും അവസരമൊരുക്കുകയും ഉദ്യോഗാർത്ഥികളെ തൊഴിൽ നേടിയെടുക്കാൻ സഹായിക്കുകയും

ചെയ്തുവരുന്നു. നിലവിൽ ഏഴ് ജില്ലയിൽ മാത്രമുള്ള എംപ്ലോയബിലിറ്റി സെന്റർ എന്ന ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി പുതുതായി നടപ്പിലാക്കുന്ന മോഡൽ കരിയർ സെന്റർ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. (01.12.2017-ലെ കത്ത് മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 36-ലെ ശിപാർശ

സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിൽ വരികയുള്ളൂ എന്നും അപ്രകാരം വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയും പി.എസ്.സി. വഴിയും നിയമനം നടത്താറുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ പരിചയമുണ്ടെന്ന ന്യായേന കെ.എസ്.എഫ്.ഇ.യിലെ നിരവധി തസ്തികകളിൽ വിമുക്തഭടന്മാരെ നിയമിക്കുന്നതായും നിരവധി വർഷങ്ങളായിട്ടും അവർ ജോലിയിൽ തുടരുന്നതായും ഇത് കുറേക്കാലമായുള്ള പ്രവണതയാണെന്നും സമിതിക്ക് ലഭിച്ച പല ഹർജികളിലും നിന്ന് സമിതി മനസ്സിലാക്കുന്നു. എപ്പോഴെങ്കിലുമൊരിക്കൽ ഒരു സർക്കാർ ജോലി ലഭിക്കുമെന്ന പ്രതീക്ഷയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരെ പരിഗണിക്കാതെ പകരം ചില സംഘടനകളുമായി കരാറിൽ ഏർപ്പെട്ട് നിയമനം നടത്തുന്ന നടപടിയെ സമിതി ശക്തമായി അപലപിക്കുന്നു. കെ.എസ്.എഫ്.ഇ.യിലെ നിയമനം സംബന്ധിച്ച് ഏതെങ്കിലും സംഘടനകളുമായി എന്തെങ്കിലും വിധത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ കാലാവധി തീരുന്ന മുറയ്ക്ക് റദ്ദ് ചെയ്യണമെന്നും വീണ്ടും പുതിയ കരാറിൽ ഏർപ്പെടരുതെന്നും പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ എന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## നികുതി (എച്ച്) വകുപ്പ്

കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിട്ട അവസരങ്ങളിൽ ഇടപാടുകാർക്ക് മെച്ചപ്പെട്ട

സേവനം ഉറപ്പാക്കുന്നതിനായി വിമുക്തഭടൻമാരെ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു. ഇത്തരത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരുന്ന മുഴുവൻ ജീവനക്കാരെയും 31.05.2016-ൽ പിരിച്ചുവിടുകയുണ്ടായി. ഭാവിയിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്തുകയുള്ളൂ. (22.06.2017-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

## ഖണ്ഡിക നമ്പർ 38-ലെ ശിപാർശ

എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 1:1 എന്ന അനുപാതത്തിൽ ലിസ്റ്റ് കൊടുത്തപ്പോൾ പ്രസ്തുത ലിസ്റ്റുകളിൽ ആലുവയിൽ നിന്നും പെരുമ്പാവൂരിൽ നിന്നും ഇന്ദിര കെ.കെ. എന്നു പേരുള്ള രണ്ട് ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നുവെന്നും ഇന്റർവ്യൂ ബോർഡ് ഇന്റർവ്യൂ നടത്തി ഒരു ഇന്ദിരയെ പോസ്റ്റ് ചെയ്തെന്നും രജിസ്ട്രേഷൻ നമ്പർ കാണിക്കാതെ ഇന്ദിര കെ.കെ. എന്നു മാത്രം കാണിച്ചാണ് ബന്ധപ്പെട്ട വകുപ്പ് പ്ലേസ്മെന്റ് അറിയിച്ചതെന്നും അപ്പോൾ കുന്നത്തുനാട്ടിലുള്ള ഇന്ദിരയെയാണ് പ്ലേസ്മെന്റായി കണക്കാക്കിയത് എന്നും അതിനാലാണ് തെറ്റ് സംഭവിച്ചതെന്നും തെളിവെടുപ്പിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടു. സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാരിയുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് പരാതി പരിഹരിക്കുകയുണ്ടായി. പല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ബോധപൂർവ്വമായോ അല്ലാതെയോ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഇത്തരം തെറ്റുകൾ സംഭവിക്കുവാൻ സാധ്യതയുള്ളതായി സമിതി വിലയിരുത്തുന്നു. തൊഴിലന്വേഷകർക്ക് ഇത് സംബന്ധിച്ച പരിശോധന നടത്തുന്നതിനോ പരാതിപ്പെടുന്നതിനോ നിലവിൽ യാതൊരു സംവിധാനവുമില്ലെന്ന് മനസ്സിലാക്കിയ സമിതി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കുന്നതിന് മേലധികാരികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ജോലിയ്ക്ക് വേണ്ടി നാമനിർദ്ദേശം

ചെയ്യുകൊണ്ടുള്ള ലിസ്റ്റുകൾ ഉദ്യോഗദായകർക്ക് നൽകുമ്പോൾ ഒരേ പേരുകാരായ ഉദ്യോഗാർത്ഥികൾ ഉൾപ്പെടുമ്പോൾ ആളുമാറി നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് ഒഴിവാക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുകൾ അയയ്ക്കുമ്പോൾ പേര്, രജിസ്ട്രേഷൻ നമ്പർ, മേൽവിലാസം, ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ പൂർണ്ണമായും രേഖപ്പെടുത്തി നൽകുവാൻ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശം ക്യു1/42403/92 തീയതി 07.05.1993 പ്രകാരം എല്ലാ സബ് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ വേക്കൻസി എക്സ്ചേഞ്ചുകളിൽ നിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ തെരെഞ്ഞെടുപ്പ് വിവരം സംബന്ധിച്ച് നൽകുന്ന X-17-ൽ ഉദ്യോഗദായകൻ അറിയിക്കുന്ന നിയമനം ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികളുടെയും പേര്, രജിസ്ട്രേഷൻ നമ്പർ, എംപ്ലോയെന്റ് എക്സ്ചേഞ്ചിന്റെ പേര് തുടങ്ങിയ പൂർണ്ണ വിവരങ്ങളും ഉൾപ്പെടുത്തി നൽകേണ്ടതാണെന്ന് എല്ലാ വേക്കൻസി എക്സ്ചേഞ്ചുകൾക്കും ക്യു1/6121/06 ഡി.ഇ. തീയതി 14.3.2006 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകൾക്ക് നൽകുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ യഥാർത്ഥ ഉദ്യോഗാർത്ഥിയ്ക്ക് തന്നെ നിയമനം നൽകിയെന്ന് ഉറപ്പുവരുത്തുന്നതിനും അപാകതകൾ സംഭവിക്കാതിരിക്കാനും, ഉദ്യോഗദായകർക്ക് ലിസ്റ്റിനോടൊപ്പം നൽകുന്ന കവറിംഗ് ലെറ്ററിൽ ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥിയുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നമ്പറും ജനനത്തീയതിയും പിതാവിന്റെ പേരും പരിശോധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്യു ഉദ്യോഗാർത്ഥിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം നിയമനം നൽകണമെന്ന് രേഖപ്പെടുത്തി നൽകേണ്ടതാണെന്ന നിർദ്ദേശം 31.03.2017-ലെ ക്യു1/16034/2016/ ഡി.ഇ. നമ്പർ സർക്കുലർ പ്രകാരം സബ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. (10.06.2019-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

### ഖണ്ഡിക നമ്പർ 41-ലെ ശിപാർശ

I.M.G.-യിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും അതുവരെ IMG യിലെ

എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ഉദ്യോഗസ്ഥഭരണപരിഷ്കാര (എ.ആർ.ബി.) വകുപ്പ്</u>

ഐ.എം.ജി.യിലെ അധ്യാപക-അനധ്യാപക ജീവക്കാരുടെ നിയമനം സംബന്ധിച്ച് ടി സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള കരട് സ്പെഷ്യൽ റൂൾസിന്റെ സൂക്ഷ്മ പരിശോധന സർക്കാർ തലത്തിൽ നടന്നു വരികയാണ്. സ്പെഷ്യൽ റൂൾസ് രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ഐ.എം.ജി.യിൽ പി.എസ്.സി. വഴിയുള്ള നിയമനം പ്രാവർത്തികമാക്കുന്നതാണ്. കേരള നിയമസഭ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം, ഇപ്പോൾ ഒഴിവു വരുന്ന തസ്തികകളിലേയ്ക്കും ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്ന തസ്തികകളിലേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരികയാണ്.

ഡ്രൈവർ, അസിസ്റ്റന്റ്, എ.വി.ഇ.ഒ., ഗാർഡനർ മുതലായ കാറ്റഗറികളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും എ.വി.ഇ.ഒ.യെ നിയമിക്കുകയും ചെയ്തു കഴിഞ്ഞു. (01.03.2018-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

<u>ഖണ്ഡിക നമ്പർ 42-ലെ ശിപാർശ</u>

വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് നിലവിൽ ഉള്ളപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരിക്കുന്ന ഓപ്പറേറ്റർ തസ്തികകളിൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തുവാൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച ഓപ്പറേറ്റർ തസ്തികകളാണ് ഇപ്പോൾ നിലവിൽ ഉള്ളത്. ഈ തസ്തികകൾ അനുവദിക്കപ്പെട്ടതിന് ശേഷം വളരെയധികം ശുദ്ധീകരണശാലകളും പമ്പ് ഹൗസുകളും ഉള്ള ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവ പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള ഓപ്പറേറ്റർ തസ്തികകളിലെ ജീവനക്കാരെ കൊണ്ട് മാത്രം സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി ദിവസവേതനാടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചു വരുന്നു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് താൽക്കാലിക നിയമനത്തിന് യോഗ്യതയുള്ളവരെ ജോലിയ്ക്കായി ക്ഷണിക്കുമ്പോൾ വേതന നിരക്കായ 377 രൂപ വളരെ കുറവായതിനാൽ യോഗ്യതയുള്ളവരിൽ പലരും ജോലി സ്വീകരിക്കുവാൻ താൽപര്യപ്പെടാറില്ല. കൂടാതെ ജോലിയിൽ പ്രവേശിച്ച പലരും കാലാവധി അവസാനിക്കുന്നതിന് മുമ്പ് ജോലി ഉപേക്ഷിച്ചു പോകുന്നതും പതിവാണ്. ഇത്തരം സാഹചര്യങ്ങളിൽ ജലവിതരണം മുടങ്ങാതിരിക്കുന്നതിന് മറ്റ് രീതികൾ അവലംബിക്കേണ്ടിവരുന്നു. കേന്ദ്രീകൃതമായ "MARCH" എന്ന ഇന്റർനെറ്റ് പോർട്ടൽ സംവിധാനം ഉപയോഗിച്ച് ഇത്തരം നിയമനങ്ങൾ അത്യാവശ്യമുള്ള ഇടങ്ങളിലേയ്ക്ക് മാത്രം പരിമിതപ്പെടുത്തിക്കൊണ്ട് നിയന്ത്രിതമായ രീതിയിൽ ആക്കിയിട്ടുണ്ട്. കൂടാതെ കരാറുകാരൻ മുഖാന്തിരം ജോലിയ്ക്ക് ആളുകളെ നിയോഗിക്കുന്നത് കഴിവതും ഒഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നിരുന്നാലും നിലവിലെ സാഹചര്യത്തിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കരാറുകാർ മുഖേന ഓപ്പറേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി നിർബന്ധിതമാകുന്നു. (13.01.2020-ലെ കത്തു മുഖേന ലഭ്യമാക്കിയത്.)

പ്രസ്തുത റിപ്പോർട്ട് 16.09.2020-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താവൂ എന്ന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ പ്രസ്തുത നിർദ്ദേശം തുടർ നടപടികൾക്കും റിപ്പോർട്ടിനുമായി

04.02.2021-ലെ കത്ത് മുഖേന ജലവിഭവ (ജലവിതരണ-സി) വകുപ്പിനെ അറിയിച്ചു. തുടർന്ന് ജലവിഭവ (ജലവിതരണ-സി) വകുപ്പ് 06.04.2022-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള ജല അതോറിറ്റിയിലെ എല്ലാ തസ്തികകളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. എല്ലാ തസ്തികകളിലെയും നിലവിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി-ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളുടെ ഒഴിവുകളും ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള ജല അതോറിറ്റിയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയായതിനാൽ സ്ഥിര-നിയമനത്തിനായി അനുവദിക്കപ്പെട്ട തസ്തികകളിലേയ്ക്ക് താൽകാലിക നിയമനം നൽകാറില്ല.

റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്താറുണ്ട്. കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിരിക്കുന്ന ഓപ്പറേറ്റർ തസ്തികകളിൽ നിയമനം നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് നിലവിൽ ഉള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ശമ്പള സ്കെയിലിൽ നിയമനം നടത്തിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റിയിൽ വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച ഓപ്പറേറ്റർ തസ്തികകളാണ് ഇപ്പോൾ നിലവിൽ ഉള്ളത്. ഈ തസ്തികകൾ അനുവദിക്കപ്പെട്ടതിന് ശേഷം വളരെയധികം ജല ശുദ്ധീകരണശാലകളും പമ്പ് ഹൗസുകളും ഉള്ള ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവ പ്രവർത്തിപ്പിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ് അനുവദിക്കപ്പെട്ട തസ്തികകളിലെ ജീവനക്കാരെക്കൊണ്ട് മാത്രം സാധിക്കുകയില്ല. അതിനാൽ പമ്പ് ഓപ്പറേറ്റർ തസ്തികയ്ക്കായി അനുവദിക്കപ്പെട്ട തസ്തികകളെക്കാൾ ജീവനക്കാരെ ജലവിതരണ സംവിധാനത്തിന് ആവശ്യമായി വരാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ, കേന്ദ്രീകൃതമായ 'MARCH' എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം ഉപയോഗിച്ചും, അത്യാവശ്യമുള്ള ഇടങ്ങളിലേയ്ക്ക് മാത്രം പരിമിതപ്പെടുത്തിക്കൊണ്ടും നിയന്ത്രിതമായ രീതിയിൽ നിയമനം നടത്തുന്നുണ്ട്. ബഹു. നിയമസഭാ സമിതിയുടെയും, ബഹു. കേരള ഹൈക്കോടതിയുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് മാനേജിംഗ് ഡയറക്ടറുടെ 18.06.2020-ലെ 753/E3/2015/KWA

നമ്പർ സർക്കുലർ പ്രകാരം അതോറിറ്റിയുടെ എല്ലാ ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ സാഹചര്യത്തിൽ ജലവിതരണം മുടങ്ങാതെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കരാറുകാർ മുഖേന ഓപ്പറേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി നിർബന്ധിതമാകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് താൽകാലിക നിയമനത്തിന് യോഗ്യതയുള്ളവരെ ജോലിയ്ക്കായി ക്ഷണിക്കുമ്പോൾ അതോറിറ്റി നൽകുന്ന വേതന നിരക്കായ 377 രൂപ വളരെ കുറവായതിനാൽ യോഗ്യതയുള്ളവരിൽ പലരും ജോലി സ്വീകരിക്കുവാൻ താല്പര്യപ്പെടാറില്ല.

ജല അതോറിറ്റിയുടെ പമ്പ് ഹൗസുകൾ ഓട്ടോമേറ്റ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. ഈ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പമ്പിംഗ് ജോലികൾക്കായി കരാറടിസ്ഥാനത്തിൽ നിയമിച്ചു വരുന്ന അധിക ജീവനക്കാരെ ഘട്ടം ഘട്ടമായി ഒഴിവാക്കാവുന്നതാണ്."

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം '205 എ' പ്രകാരം സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിക്കേണ്ടതും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതുമാണ്. റിപ്പോർട്ടിൽ യാതൊരു സമയപരിധിയും നിർദ്ദേശിച്ചിട്ടില്ലാത്ത സംഗതികളിൽ, റിപ്പോർട്ട് സർക്കാർ കൈപ്പറ്റിയ തീയതി മുതൽ രണ്ടു മാസത്തിനകം നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്. എന്നാൽ മിക്കപ്പോഴും ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടി സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കാറില്ല എന്നത് വസ്തുതയാണ്. സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം.
.07.2022.

എ.എൻ. ഷംസീർ,
അദ്ധ്യക്ഷൻ,
യുവജനക്ഷേമവും യുവജനകാര്യവും
സംബന്ധിച്ച സമിതി.